(ബി) "വില്ലേജ് കോട്ട് ആക്ട്" പാസ്സായിട്ടുള്ളവർ ആരെങ്കിലും ഇപ്പോൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളവരിൽ ഉണ്ടോ ?

റാവു സാഹിബ് സി. ജെ. മാത്യു :

(എ) സാധാരണ വില്ലേജ് കോടതി റജിസ്ട്രാരുടെ നിർദ്ദേശപ്രകാരം.

(ബി) ഇല്ല.

KUZHUR—COLONY FOR DEPRESSED CLASSES

286. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടിപറയുമോ.—

കുഴുരുള്ള അധഃകൃതർ അവർക്ക് ഒരു കോളനി വെച്ചുകൊടുക്കുവാൻ അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവൺമെണ്ട് എന്തു നടപടിയാണ് എടുത്തിട്ടുള്ളതു് ?

റാവു സാഹിബ് സി. ജെ. മാത്യു : കുഴുരുള്ള അധഃകൃതർക്ക് ഒരു കോളനി സ്ഥാപിക്കുവാൻ അപേക്ഷ കിട്ടീട്ടുണ്ട്. ഗവൺമെണ്ടിൽനിന്നും ആയതിനു വേണ്ട നടപടികളും നടത്തുന്നുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ : എത്രനാളായി ഈ അപേക്ഷ കിട്ടിയിട്ട്, എന്നു പറയുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

റാവു സാഹിബ് സി. ജെ. മാത്യു : എത്രനാളായി എന്നറിഞ്ഞുകൂടാ. കഴിഞ്ഞ കൊല്ലത്തിൽ ഇതിനു പ്രൊവിഷനുണ്ടായിരുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ : ഏകദേശം മൂന്നിൽ ചില്വാനം കൊല്ലം കഴിഞ്ഞു, അപേക്ഷ കൊടുത്തിട്ട്. കഴിയുന്നതും വേഗത്തിൽ അവർക്ക് കോളനി വെച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ ?

റാവു സാഹിബ് സി. ജെ. മാത്യു : ഇക്കൊല്ലത്തെ ബഡ്ജറ്റിൽ അതിനു പ്രൊവിഷനുണ്ട്.

റാവു സാഹിബ് കെ. അയ്യപ്പൻ : ഒരു വീടിനു എത്ര സെൻറ് സ്ഥലം വരും; അവർക്ക് ശ്വാസംമുട്ടാതെ താമസിക്കുന്നതിനുവേണ്ടി കുറച്ചു കൂടുതൽ സ്ഥലം കൊടുക്കാൻ പാടില്ലേ?

Mrs. Dakshayani Velayudhan *(Nominated)*: Sir, I would like to know whether this question will be postponed as a result of the present political situation?

Rao Sahib C. J. Mathew *(Secretary to Government)*: Political situation has nothing to do with the founding of the colony.

മിസ്റ്റർ കെ. കെ. കണ്ണൻ : ഈ കോളനി എത്ര വീടുകൾക്കാണ്?

റാവു സാഹിബ് സി. ജെ. മാത്യു : നൂറു വീടുകൾക്കാണ്.

മിസ്റ്റർ കെ. കെ. കണ്ണൻ : ഈ കോളനി സ്ഥാപിക്കുന്നതിനു ഇനി എത്രകാലം വേണ്ടിവരും ?

റാവു സാഹിബ് സി. ജെ. മാത്യു : വരുന്നകൊല്ലത്തിൽ തീർച്ചയായിട്ടും ചെയ്യും.

ARECANUT GROWERS—PROTECTION OF

287. Mr. V. R. Krishnan Ezhuthassan *(Oorakam)*: Will Government be pleased to state.—

with reference to Question No. 109 answered on 28th November 1945 what progress has been made by the Government in their study of the whole question regarding protection being afforded to arrecanut cultivators from their economic peril?

Rao Sahib C. J. Mathew *(Secretary to Government)*: Government consider that an Arecanut Marketing Board will be of great help for getting a reasonable price to the arecanut growers for their produce. Accordingly they introduced a Bill for the constitution of such a Board during the last Session of the Lagislative Council, but the Council referred the Bill to a Select Committee.

Government also think that the organisation of Arecanut Growers' Co-operative Societies will be of much help to the arecanut growers. It is therefore propposed to organise 6 such societies in 1122.

Mr. P. Mani *(Kanayannur)*: May I know, Sir, whether the Select Committee had submitted its report?

Rao Sahib C. J. Mathew *(Secretary to Government)*: No.

LIBRARY ARCHIVES Kerala Legislative Assembly